(ബി) 1967-ലെ തിരഞ്ഞെടുപ്പിനുശേഷം പുതുതായി എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും രൂപീകരിച്ചിട്ടുണ്ട്;

(സി) 1963-ലെ തിരഞ്ഞെടുപ്പിനുശേഷം മരണപ്പെട്ട പഞ്ചായത്ത് മെമ്പർമാർ എത്ര?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 969 പഞ്ചായത്തുകളും 41 മുനിസിപ്പാലിറ്റികളും ഉണ്ട്.

(ബി) 77 പഞ്ചായത്തുകളും 17 മുനിസിപ്പാലിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(സി) 578 പഞ്ചായത്ത് മെമ്പർമാർ മരിച്ചിട്ടുണ്ട്.

പുതിയ പഞ്ചായത്തുകളുടെ രൂപീകരണം

568 [823] ശ്രീ. കെ.സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ എത്ര പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചു;

(ബി) അവയുടെ പ്രസിഡൻറുമാരായി നോമിനേറ്റു ചെയ്യപ്പെട്ടവരുടെ പേരുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 34 പുതിയ പഞ്ചായത്തുകൾ

(ബി) പേരുവിവരം താഴെ കൊടുത്തിരിക്കുന്നു.

	പഞ്ചായത്തിന്റെ പേര്	പ്രസിഡൻറിന്റെ പേര്
1.	ഒറ്റൂർ	ശ്രീ. ജി. ചെല്ലപ്പൻപിള്ള
2.	അംപൂരി	,, പി.വി. വർഗ്ഗീസ്
3.	പാങ്ങോട്	,, പി.എ. റഹീം
4.	പനവൂർ	,, എം. മുഹമ്മദുഹനീഫ
5.	തണ്ണിത്തോട്	,, തോമസ് വർഗ്ഗീസ്
6.	നീണ്ടകര	പഞ്ചായത്ത് ഇൻസ്പെക്ടർ, ചവറ (സ്പെഷ്യൽ ആഫീസർ)
7.	നിലമേൽ	ശ്രീ. ഇ. വാവാക്കുഞ്ഞ്
8.	പട്ടാഴി വടക്കേക്കര	,, ടി. ഇസ്മായിൽ മൊയ്തീൻ റാവുത്തർ
9.	കരുണാപുരം	,, കെ.എ. തോമസ്
10.	വണ്ണപുറം	,, എ. എം. അബ്ദുൽറഷീദ ലബ്ബ
11.	ചക്കുപള്ളം	,, വി.ജി. ശ്രീധരൻവൈദ്യർ
12.	ഹെവൻവാലി	,, തോമസ് ജോർജ്ജ്
13.	ഇടുക്കികുഞ്ഞിക്കുഴി	,, ഔസേഫ് മാത്യു
14.	ചോറ്റാനിക്കര	,, എ. വർക്കി

LIBRARY ARCHIVES Kerala Legislative Assembly

	പഞ്ചായത്തിന്റെ പേര്	പ്രസിഡൻറിന്റെ പേര്
15.	പല്ലാരിമംഗലം	പഞ്ചായത്ത് ഇൻസ്പെക്ടർ, കോതമംഗലം (സ്പെഷ്യൽ ആഫീസർ)
16.	പൂമംഗലം	,, പി.സി. പീയൂസ് (മരിച്ചു)
17.	വെറ്റിലപ്പാറ	,, കെ.കെ. കരുണാകരൻ
18.	നെൻമണിക്കര	,, എൻ. അഗസ്റ്റിൻ
19.	കാറളം	,, രാഘവൻ പുഴക്കടവിൽ
20.	ആവിനിശ്ശേരി	പഞ്ചായത്ത് ഇൻസ്പെക്ടർ, ചേർപ്പ് (സ്പെഷ്യൽ ആഫീസർ)
21.	മുള്ളൂർക്കര	താലൂക്ക് പഞ്ചായത്ത് ആഫീസർ, വടക്കാഞ്ചേരി (സ്പെഷ്യൽ ആഫീസർ)
22.	പൂക്കോട്ട്കാവ്	ശ്രീ. കെ. ജയദേവമേനോൻ
23.	കീഴുപറമ്പ്	,, പി. മുഹമ്മദുഹാജി
24.	വാഴയൂർ	,, പി.എം. ഇസ്മായിൽ
25.	മക്കരപ്പറമ്പ	,, കെ.കെ.എസ്. തങ്ങൾ
26.	കാരശ്ശേരി	,, ഇ.എം. ഉണ്ണിമോയിൻ
27.	മുളങ്കൊല്ലി	,, കെ.സി. ജോസഫ്
28.	വേങ്ങപ്പള്ളി	,, പുനത്തിൽ മൊയ്തീൻഹാജി
29.	മരുതോംകര	,, കെ.കെ. ചാത്തു
30.	വളയം	,, കുഞ്ഞിക്കണാരൻ
31.	വലിയപറമ്പ	,, മമ്മുഹാജി
32.	അയ്യംകുന്നു	,, ഒ.എം. തോമസ്
33.	കടമ്പൂർ	,, സി.വി. ശങ്കരൻ
34.	പട്ടുവം	പഞ്ചായത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ (സ്പെഷ്യൽ ആഫീസർ)

കൊല്ലം കിളികൊല്ലൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണം

569 [824] ശ്രീ. എസ്.ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കിളികൊല്ലൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിന് ഏതെങ്കിലും പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതി എന്താണെന്നും അതിന്റെ അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്കു പൂർത്തിയാക്കാമെന്നാണ് ഗവൺമെൻറ് കരുതുന്നത്?

ഉത്തരം

(എ, ബി, സി) ഉണ്ട്. കൊല്ലം ശുദ്ധജലവിതരണപദ്ധതിയിൽനിന്നും പൈപ്പുലൈൻ നീട്ടി ശുദ്ധജലവിതരണം നടപ്പാക്കാനുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ അടങ്കൽതുക 13.36 ലക്ഷം രൂപയാണ്. ഈ പദ്ധതി നടപ്പിലാക്കാനുള്ള തുക എൽ.ഐ.സി.യിൽനിന്നും വായ്പ യ്ക്കപേക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly